**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 308** **29-01-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ കേന്ദ്രങ്ങളിൽ അളവും തൂക്കവും ഗുണ നിലവാരവും ഉറപ്പ് വരുത്താൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രങ്ങളിൽ സാധനങ്ങൾ തൂക്കി നൽകാൻ ഉപയോഗിക്കുന്ന പാത്രത്തിന്റെ തൂക്കം കുറച്ച് ത്രാസ് (ഇലക്ട്രോണിക്ക് ത്രാസ് ഉൾപ്പെടെ) ന്യൂട്രൽ വാല്യൂ ആക്കി മാത്രമേ വിതരണം ചെയ്യാവൂ എന്ന നിർദേശം ഉത്തരവായി പുറപ്പെടുവിക്കുവാൻ വകുപ്പ് നടപടി സ്വീകരിക്കുമോ; തൂക്കത്തിൽ കൃത്രിമം കാട്ടി സാധാരണക്കാരായ ജനങ്ങളെ ചൂഷണം ചെയ്യുന്ന പൊതുവിതരണ കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ; | (എ) | പരിശോധിക്കുന്നതാണ്. തൂക്കം നോക്കുന്നതിന് മുമ്പ് ത്രാസ് (ഇലക്ട്രോണിക്ക് ത്രാസ് ഉൾപ്പെടെ) ന്യൂട്രൽ വാല്യൂ ആക്കണമെന്ന് ത്രാസ് മുദ്ര ചെയ്യുന്ന സമയത്ത് വ്യാപാരികൾക്ക് നിർദ്ദേശം നൽകാറുണ്ട്. തൂക്കത്തിൽ കൃത്രിമം കാണിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ലീഗൽ മെട്രോളജി നിയമ പ്രകാരം നടപടി സ്വീകരിക്കാറുണ്ട്. |
| (ബി) | പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാരവും അളവ് തൂക്കവും കൃത്യമാക്കുവാൻ ഭക്ഷ്യസാധനങ്ങൾ കൃത്യമായ അളവിൽ പാക്ക് ചെയ്ത് ഗുണനിലവാരം പരിശോധിച്ച് വിതരണം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണമേൻമ ഉറപ്പുവരുത്തുന്നതിന് റേഷൻ കടകളിലും, NFSA ഗോഡൗണുകളിലും അടിക്കടി പരിശോധന നടത്തി പിഴവ് കണ്ടെത്തുന്ന പക്ഷം കർശന നടപടികൾ സ്വീകരിക്കാറുണ്ട്. പൊതു വിതരണ കേന്ദ്രങ്ങളിലെ ത്രാസുകൾ കൃത്യത ഉറപ്പാക്കി മുദ്ര ചെയ്യുന്നുണ്ട്. |
| (സി) | സപ്ലൈകോ മാർക്കറ്റുകളിലൂടെ സബ്സിഡി നിരക്കിലുള്ള സാധനങ്ങൾ കാർഡുമായി വരുന്ന ആർക്കും വിതരണം ചെയ്യുന്ന നിലവിലുള്ള രീതി പുന:പരിശോധിച്ച് ആധാർ അധിഷ്ഠിത (റേഷൻ കടകൾക്ക് സമാനമായി) വിതരണം നടത്തുവാൻ തയ്യാറാകുമോ; നിലവിൽ റേഷൻ കാർഡുമായി വരുന്നവർക്ക് സബ്സിഡി നിരക്കിലുള്ള സാധനങ്ങൾ ലഭ്യമാക്കുന്ന രീതി ചില ജീവനക്കാരും തൽപരകക്ഷികളും ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (സി) | പരിശോധിച്ചു വരുന്നു. ഇത്തരത്തിലുള്ള കൃത്രിമങ്ങൾ നടക്കുവാനുള്ള സാധ്യത പൂർണ്ണമായി ദൂരീകരിക്കുന്നതിനു വേണ്ടിയാണ് ആധാർ അധിഷ്ഠിത സബ്സിഡി വിതരണം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നത്. |
| (ഡി) | സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവും തൂക്കവും ഗുണ നിലവാരവും | (ഡി) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ |

| | | | |
|---|---|---|---|
| | ഉറപ്പ് വരുത്താൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | | ഗുണനിലവാരം ഉറപ്പ വരുത്താൻ കർശനമായ ഗുണനിലവാര പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്. സപ്ലയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഈ സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉള്ളതാണെന്ന് ഉറപ്പ വരുത്തിയ ശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവ ശ്യമായ പരിശോധന സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ കോന്നിയിലുള്ള CFRD FQM ലാബ്, Regional Analytical Lab, മറ്റ് NABL Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ പരിശോധയ്ക്ക് അയച്ച് ഗുണമേന്മ ഉറപ്പവരുത്തുന്നുണ്ട്. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ കീട നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/ HACCP/ AGMARK/ FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽ നിന്ന് ഏകദേശം 20-ഓളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് CFRD - യിൽ ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണസംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന വസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽ നിന്നും പിൻവലിക്കുന്ന തിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സപ്ലൈയർ ക്കെതിരെ Barring from Supplies, Penalty അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചു വരുന്നു. ഡിപ്പോകളിൽ കാലാകാലങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തിൽ കേന്ദ്ര/ സംസ്ഥാന സർക്കാരുകൾ വരുത്തുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധനകൾ കൂടുതൽ ശക്തിപ്പെടുന്നതിനുള്ള കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ